## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998** **11-02-2025 - ൽ മറുപടിയ്ക്ക്**

## കുണ്ടൂർ തോട് നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിനുള്ള പദ്ധതിയുടെ നടപടികൾ വിശദമാക്കാമോ; | (എ) | കുണ്ടൂർ തോട് നവീകരണത്തിനായി കിഫ്ബി മുഖേന ₹15 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ആണ് തത്വത്തിൽ അനുമതി നൽകിയിരുന്നത്. തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് പദ്ധതിയുടെ ഡി.പി.ആർ. ആയകട്ട് വിശദാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക് വിശദാംശങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തി കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം ലഭിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. ശിപാർശ സമർപ്പിച്ചതിനെ തുടർന്ന് പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി 06/01/2021-ൽ നൽകി.<br><br>കെ.ഐ.ഐ.ഡി.സി. പദ്ധതി പ്രദേശത്ത് വിശദമായ ടോപ്പോഗ്രഫിക്കൽ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ഡ്രോയിംഗുകളും എസ്റ്റിമേറ്റും തയാറാക്കി, ഡി.പി.ആർ. സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആറിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി കിഫ്ബി സി.എം.ഡി.യെ (Centre for Management Development) ചുമതലപ്പെടുത്തുകയും 06.05.2023-ന് സി.എം.ഡി. യുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചപ്പോൾ നിലവിലുള്ള ഇറിഗേഷന്റെ അധീനതയിലുള്ള പമ്പ് ഹൗസുകളുടെ പമ്പുകൾ പരിപാലിക്കുകയും, പാടശേഖരങ്ങളിലേക്കുള്ള ജലവിതരണ കനാലുകൾ കൂടി നന്നാക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു.<br><br>പ്രസ്‌തുത അറ്റകുറ്റ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി ഡി.പി.ആർ. സമർപ്പിക്കാൻ സി.എം.ഡി. (Centre for Management Development) നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമും, ജലവിതരണ കനാലുകളും ഇറിഗേഷൻ വകുപ്പിന്റെ അധികാര പരിധിയിൽ പെടുന്നതിനാൽ ആയതിന്റെ അറ്റകുറ്റപ്രവൃത്തികൾ കൂടി ഡി.പി.ആറിൽ ഉൾപ്പെടുത്തുന്നതിന് അനുവാദം ആവശ്യപ്പെട്ട് 06.07.2023-ൽ ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എൻജിനീയർക്ക് KIIDC-ൽ നിന്നും കത്ത് നൽകിയിരുന്നു. അതിന് മറുപടിയായി ഇറിഗേഷൻ വകുപ്പിന് ടി അറ്റകുറ്റ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിൽ പദ്ധതിയുണ്ടെന്ന് മറുപടി ലഭിക്കുകയും, ആയത് കിഫ്ബി മുഖേന സി.എം.ഡി.യെ അറിയിക്കുകയും ചെയ്തു.<br><br>ഡി.പി.ആറിന്റെ അംഗീകാരത്തിന് കാലതാമസം നേരിടുന്നതിനാൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് 08.11.2024-ൽ കിഫ്ബിയുടെ സഹായം അഭ്യർത്ഥിക്കുകയും കിഫ്ബി പ്രസ്തുത ചുമതല സി.എം.ഡി.യെ ഏൽപ്പിക്കുകയും ചെയ്തു. പുതുക്കിയ ഡി.പി.ആറിന് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | കുണ്ടൂർ തോട് നവീകരിക്കുന്നതിന് കിഫ്ബി മുഖേന 15 കോടി രൂപ 2016-ലെ ബജറ്റിൽ അനുവദിച്ചിട്ടും ഇതുവരെ പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കുണ്ടൂർ തോട് നവീകരണത്തിനായി കിഫ്ബി മുഖേന ₹15 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. എന്നാൽ ആദ്യം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ആണ് തത്വത്തിൽ അനുമതി നൽകിയിരുന്നത്. തുടർന്ന് 06.01.2021 തീയതിയിലെ ഉത്തരവിൻ പ്രകാരമാണ് പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയത്. |
| (സി) | ഭരണാനുമതി ലഭ്യമാക്കിയ പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | പുതുക്കിയ ഡി.പി.ആറിന് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ചതിനു ശേഷം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പദ്ധതിയുടെ ടെൻഡർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഡി) | പുതുക്കിയ ഡി.പി.ആറിന് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ചതിനു ശേഷം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ